# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6317 | 03.04.2018-ൽ മറുപടിക്ക്

## വാമനപുരം നിയോജകമണ്ഡലത്തിലെ ഞാറനീലി മാസ്റ്റർ പ്ലാൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ആദിവാസി കേന്ദ്രമായ ഞാറനീലി പ്രദേശത്ത് ആത്മഹത്യാ പ്രവണത കൂടുതലാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | എ) യും ബി) യും സി) യും | പെരിങ്ങമല പഞ്ചായത്തിലെ ഞാറനീലി പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായി കർമ്മ പദ്ധതി ആവിഷ്കരിച്ചു വരുന്നു. വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ആദിവാസി കേന്ദ്രമായ ഞാറനീലി പ്രദേശത്ത് ആത്മഹത്യാ പ്രവണത കൂടുതലാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ്, എക്സൈസ്, പോലീസ്, പട്ടികവർഗ്ഗ വികസന വകുപ്പ് സംയുക്തമായി ലഹരി വർജ്ജന പ്രവർത്തനങ്ങൾക്കായുള്ള കർമ്മപദ്ധതി രൂപീകരിച്ചു വരികയാണ്. കൂടാതെ യുവജന കൂട്ടായ്മകളും സാക്ഷരതാ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു. എസ്.ടി. പ്രൊമോട്ടർമാർ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ നിരന്തര സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. നിരവധി ബോധവൽക്കരണ പരിപാടികൾ ടി പ്രദേശത്ത് സംഘടിപ്പിച്ചു വരുന്നുണ്ട്. |
| ബി) | എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ; | | |
| സി) | തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ